97 (241) പൊതുമരാമത്ത് വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഡി.പി.സി. കൂടാത്ത കാരണത്താൽ അർഹതപ്പെട്ട ഉദ്യോഗകയറ്റം കിട്ടാതെ ഉദ്യോഗസ്ഥന്മാർ വിരമിക്കേണ്ടി വരുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ആറുമാസക്കാലമായി പൊതുമരാമത്ത് വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന ഉയർന്ന തസ്തികകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രശ്നം പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിൽ 1.1.1999 മുതൽ ഇലക്ട്രിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയറുടെ തസ്തികയും 1.6.1999 മുതൽ ഒരു ചീഫ് ആർക്കിടെക്ട് തസ്തികകയും 1.6.1999 മുതൽ 4 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്.

(സി) ഇതിനകം നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ, ആർക്കിടെക്ചറൽ വിഭാഗം ഒഴികെയുള്ള എല്ലാ തസ്തികകളിലേയ്ക്കും 1999 വരെയുള്ള ഡി.പി.സി. സെലക്ട് ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

98 (242) പൊതുമരാമത്ത് വകുപ്പിലെ ആശ്രിത നിയമനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിയനുസരിച്ച് എത്ര ആശ്രിതർക്ക് ജോലി നൽകി;

(ബി) ഇനി എത്ര പേർക്ക് നൽകാനുണ്ട്;

(സി) അവർക്ക് എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) എത്രയും പെട്ടെന്ന് നിയമനം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 215 പേർക്ക് ജോലി കൊടുത്തിട്ടുണ്ട്. അതിൽ 58 പേരെ പൊതുമരാമത്ത് വകുപ്പിലും ബാക്കിയുള്ളവരെ വിവിധ വകുപ്പുകളിലും പല കാറ്റഗറികളിലായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly